കേരള സർക്കാർ

നം.എസി4/84/ 2021/LSGD

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്
തിരുവനന്തപുരം,തീയതി 22/10/2021

## സർക്കുലർ

വിഷയം :- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യ നിർമ്മാർജ്ജനം - നിർദ്ദേശങ്ങൾ – സംബന്ധിച്ച്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യ നിർമ്മാർജ്ജന പ്രവൃത്തികളുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ സംസ്ഥാനത്തെ പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ മേൽനോട്ടവും ശ്രദ്ധാപൂർവ്വമുള്ള മാർഗ്ഗ നിർദ്ദേശവും ഉറപ്പുവരുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കേണ്ടതുണ്ടന്ന് സർക്കാർ കാണുന്നു. മാലിന്യ നിർമമാർജ്ജന പദ്ധതികൾ വ്യക്തമായ കാഴ്ചപ്പാടോടും തികഞ്ഞ ആസൂത്രണത്തോടെയും ഏറ്റെടുത്ത് നടപ്പാക്കിയില്ലെങ്കിൽ വിപരീത ഫലം ചെയ്യുമെന്ന് മാത്രമല്ല വലിയ സാമൂഹ്യ പ്രശ്നമായി വളരുവാനും ഇടയുണ്ട്. മേൽ സാഹചര്യത്തിൽ സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ നിർമ്മാർജ്ജനം പ്രോജക്ടുകളുടെ നടത്തിപ്പ് സംബന്ധിച്ച് പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്മേൽ നടപടിയായി നൽകിയിട്ടുള്ളത് സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശം പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാലിന്യ നിർമ്മാർജ്ജനത്തിനായി ഏജൻസികളുമായി കരാറിലേർപ്പെടുമ്പോൾ ഇവ യഥാവിധം മാലിന്യങ്ങൾ നീക്കം ചെയ്യാൻ പര്യാപ്തമായ സന്നാഹങ്ങൾ ഉള്ള പ്ലാന്റുകളുമായി ബന്ധപ്പെട്ടാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ പ്രതിഫലം വാങ്ങി മാലിന്യ നിർമ്മാർജ്ജനം നടത്തുന്ന ഏജൻസികൾ,മാലിന്യങ്ങൾ അനധികൃതമായി ചവറ്റുകുനകൾ ജലാശയങ്ങൾ,തുറസ്സായ സ്ഥലങ്ങൾ,പാതയോരങ്ങൾ,പൊതുയിടങ്ങൾ എന്നിവയിൽ നിക്ഷേപിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം ഇതിന് ഉത്തരവാദികളായിരിക്കുന്നതാണ്. പെർഫോമൻസ്

ഓഡിറ്റ് ടീമുകൾ ടി വിഷയം പതിവായി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ടിൽ ടി വസ്തുതകൾ ഉൾപ്പെടുത്തേണ്ടതും ഗുരുതരമായ വീഴ്ചകൾ സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

**ബിജുക്കുട്ടൻ എം.എസ്**
**അഡീഷണൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

**(സർക്കുലറിലെ നിർദേശങ്ങൾ നടപ്പിലാക്കുന്നതിനായി വകുപ്പ് തലവൻമാർ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതും ഇവയെ സംബന്ധിച്ച് മുഴുവൻ പെർഫോമൻസ് യൂണിറ്റുകൾക്കും നിർദ്ദേശം നൽകേണ്ടതുമാണ്)**

ജില്ലാ പെർഫോമൻസ് ഓഡിറ്റ് ഓഫീസർ & പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ( 14 ജില്ലകളിലെയും)

അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (പി.എ) എല്ലാ ജില്ലകളിലെയും

മേഖലാ ജോയിന്റ് ഡയറക്ടർ (കൊല്ലം, കൊച്ചി, കോഴിക്കോട്)

മേഖലാ പെർഫോമൻസ് ഓഡിറ്റ് ഓഫീസർ (കൊല്ലം , കൊച്ചി, കോഴിക്കോട്)

തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

(signature)

സെക്ഷൻ ഓഫീസർ